"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കോവിഡ് - നോഡൽ ഓഫീസർമാർ ലഭ്യമാകാതെ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പകരമായി എക്സ്റ്റൻഷൻ ഓഫീസർ (ജനറൽ), എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്), എക്സ്റ്റൻഷൻ ഓഫീസർ (വിമൻ) എന്നിവരുടെ സേവനം ഉപയോഗിക്കാൻ അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.948/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/05/2021

പരാമർശം:- 1 28.04.2021-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിലെ തീരുമാനങ്ങൾ

2 29.04.2021-ലെ സ.ഉ. (സാദാ) 932/2021/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

1) കോവിഡ് രണ്ടാം വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി പരാമർശം 1 ലെ മീറ്റിങ്ങിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വാർ റൂം രൂപീകരിച്ചുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരായി നിയോഗിക്കേണ്ട ഉദ്യോഗസ്ഥരുടെ പൂൾ തയ്യാറാക്കി ജില്ലാ തലത്തിൽ ക്രോഡീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരായിനിയമിക്കുന്നതിന് ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്ക് കൈമാറുന്നതിനും പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) എന്നാൽ, ചില ജില്ലകളിൽ നൽകിയ ലിസ്റ്റിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും നിയമിക്കുന്നതിന് പര്യാപ്തമായ ജീവനക്കാരുടെ കുറവ് ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, അങ്ങനെയുള്ള ജില്ലകളിൽ അതാതു ജില്ലയിൽ ലഭ്യമായിട്ടുള്ള എക്സ്റ്റൻഷൻ ഓഫീസർ (ജനറൽ), എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്), എക്സ്റ്റൻഷൻ ഓഫീസർ (വിമൺ) എന്നിവരുടെ സേവനം ഇതിലേയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. അതിലേയ്ക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ജനറൽ, ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് അഥോറിറ്റിയുമായി (ഡി.ഡി.എം.എ.) ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്